# കാലിക്കറ്റ് സർവ്വകലാശാല

**ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്**

133215/DOA-ASST-3/2026/Admn 21.08.2026

**<u>പത്രക്കുറിപ്പ്</u>**

2026-27 അധ്യയന വർഷത്തെ കാലിക്കറ്റ് സർവ്വകലാശാലയുടെ പഠനവകുപ്പ്, സ്വാശ്രയ സെന്ററുകൾ, അഫിലിയേറ്റഡ് കോളേജ് എന്നിവയിലെ BPEd, BPES (Integrated) എന്നീ കോഴ്സുകളിൽ **(CUCET 2026)** ഒഴിവുള്ള സീറ്റുകളിലേക്കായി ഓൺലൈൻ രജിസ്ട്രേഷൻ നടത്താനുള്ള സൗകര്യം 29.08.2026 ന് വൈകുന്നേരം 5 മണി വരെ ലഭ്യമാണ്. പ്രോഗ്രാമുകളുടെ ഒഴിവ് വിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് വിദ്യാർത്ഥികൾ അതത് കോളേജ്/സെന്ററുമായി ബന്ധപ്പെടേണ്ടതാണ്. അതാത് സംവരണ വിഭാഗങ്ങളിലെ (അനുവദനീയ പരമാവധി സീറ്റുകൾക്ക് പുറമെയുള്ളവ (EWS)ഒഴികെ) അപേക്ഷകരുടെ അഭാവത്തിൽ മറ്റ് വിഭാഗക്കാരേയും പ്രവേശനത്തിനായി പരിഗണിക്കുന്നതാണ്.

വിജ്ഞാപന പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷാഫീസ്: ജനറൽ വിഭാഗത്തിന് 1030/- രൂപ. എസ്.സി/എസ്.ടി. 650/- രൂപ.

അപേക്ഷിച്ചവർ അതാത് കോളേജ്/സെന്ററുകളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശപ്രകാരം അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന രേഖകൾ, ചലാൻ റെസിപ്റ്റ്, സംവരണാനുകൂല്യം ലഭിക്കുന്നവർ അത് തെളിയിക്കുന്ന സർട്ടിഫികറ്റുകൾ, അസൽ സ്പോർട് സ് സർട്ടിഫിക്കറ്റുകൾ (കൈവശമുള്ളവർ), സ്പോർട് സ് കിറ്റ്, മെഡിക്കൽ സർട്ടഫിക്കറ്റ് എന്നിവ സഹിതം ഹാജരാവേണ്ടതാണ്.

യോഗ്യതാ പരീക്ഷയുടെ മാർക്ക്, കായിക ക്ഷമതാ പരീക്ഷയുടെ മാർക്ക് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം.

ഫോൺ : 0494 2407016, 2660600

Ashokkumar K. P.
Deputy Registrar

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)